**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4951** **11-08-2021 - ല്‍ മറുപടിയ്ക്ക്**

**ആശ വര്‍ക്കര്‍മാരുടെ ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴല്‍നാടന്‍ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലഘട്ടത്തില്‍ ഏറ്റവും മഹനീയമായ രീതിയില്‍ സേവനം നടത്തിയ ആശ വര്‍ക്കര്‍മാരുടെ ഓണറേറിയം, അവരുടെ സാമ്പത്തിക സാഹചര്യവും, നിലവിലെ ജീവിത നിലവാര സൂചികയും കണക്കിലെടുത്ത് സംസ്ഥാനതലത്തില്‍ തുക വകയിരുത്തി വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാന സര്‍ക്കാര്‍ മാസം തോറും നല്‍കുന്ന ഹോണറേറിയവും, വിവിധ പദ്ധതികളില്‍ നിന്നും ലഭിക്കുന്ന ഇന്‍സെന്റീവുകളും പ്രതിമാസ നിശ്ചിത ഇന്‍സെന്റീവുകളുമാണ് ആശാ വര്‍ക്കര്‍മാര്‍ക്ക് നല്‍കിക്കൊണ്ടിരിക്കുന്നത്. 2016-17 ല്‍ 1500 രൂപ ആയിരുന്ന ആശമാരുടെ പ്രതിമാസ ഹോണറേറിയം വര്‍ഷം തോറും വര്‍ദ്ധനവ് വരുത്തി 2021 ഏപ്രില്‍ മാസം മുതല്‍ ഹോണറേറിയം 5000 രൂപയില്‍ നിന്ന് 6000 രൂപ ആക്കി വര്‍ദ്ധിപ്പിച്ച് നല്‍കിയിട്ടുണ്ട്. 2021 ജൂണ്‍ വരെയുള്ള ഹോണറേറിയവും, കോവിഡ് ഇന്‍സെന്റീവും, ഫിക്സഡ് ഇന്‍സെന്റീവും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ ആശാ വര്‍ക്കര്‍മാര്‍ക്കുള്ള ഹോണറേറിയം നല്‍കുന്നതിനായി സര്‍ക്കാര്‍ ഉത്തരവ് നല്‍കിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്ക് മാസംതോറും 1000 രൂപ കോവിഡ് ഇന്‍സെന്റീവായും 2020 ഫെബ്രുവരി മുതല്‍ നല്‍കിവരുന്നുണ്ട്. |

സെക്ഷന്‍ ഓഫീസര്‍